പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1455 — 13.06.2014 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയുടെ ശാക്തീകരണത്തിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്; | (എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയുടെ ശാക്തീകരണത്തിന് നടപ്പിലാക്കിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>ഹൈടെക്ക് കൃഷി രീതികൾ നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സാദ്ധ്യമായ എല്ലാ പഞ്ചായത്തുകളിലും പോളിഹൗസ് കൃഷിയും പ്രിസിഷൻ ഫാമിങ്ങും നടപ്പിലാക്കുന്നുണ്ട്.<br>സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഗ്രാമ്പു, ജാതിക്ക എന്നിവയുടെ വികസനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>വിത്തു മുതൽ വിപണി വരെ എന്ന സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറവ്' 33 നിയോജക മണ്ഡലങ്ങളിലായി നടപ്പാക്കുന്നു. ഇതിൽ കാർഷിക അനുബന്ധ മേഖലകളിലെ സമഗ്ര വികസനത്തിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി സൗജന്യ പച്ചക്കറി വിത്തുകൾ വിതരണം നടത്തി. സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ പരിസരത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രത്യേക ധനസഹായം പ്രോജക്ടടിസ്ഥാനത്തിൽ നൽകി.<br>തെരഞ്ഞെടുത്ത 35 ബ്ലോക്കുകളിൽ കാർഷിക യന്ത്രസാമഗ്രികളേയും പരിശീലനം ലഭിച്ച തൊഴിലാളികളേയും ഉൾക്കൊള്ളിച്ചുകൊണ്ട് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.<br>തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ കാർഷിക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക തൊഴിലാളികളേയും ടെക്നീഷ്യൻമാരെയും ഉൾപ്പെടുത്തിക്കൊണ്ട് 'കാർഷിക കർമ്മ സേന' രൂപീകരിച്ചു. ഇവർക്ക് പരിശീലനം നൽകാനും യന്ത്രസാമഗ്രികൾ നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കർഷകരുടെ സംസ്ഥാനതലത്തിലുള്ള ഡേറ്റാ ബേയ്സ് തയ്യാറാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ കർഷക രജിസ്ട്രേഷൻ ആരംഭിച്ചു. 18.77 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. |

60 വയസ്സ് പൂർത്തിയാക്കിയ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾക്കനുസരിച്ച് 'കർഷക പെൻഷൻ' നൽകി വരുന്നു.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയാനായി സപ്ലൈക്കോ മുഖേന നെല്ല് സംഭരണം തുടരുന്നു. കേരഫെഡ് മുഖേന തെരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ പച്ചതേങ്ങ സംഭരണവും നടത്തുന്നുണ്ട്.

വയനാട് ജില്ലയുടെ സമഗ്രവികസനത്തിനായി പ്രത്യേക സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു.

കർഷകർക്കായുള്ള ക്ഷേമ ബോർഡിന്റെ രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**(ബി)** മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ ഉന്നമനത്തിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

**(ബി)** 'മിഷൻ 676'-ൽ ഉൾപ്പെടുത്തി പതാക നൗക പദ്ധതികളായി 02 പദ്ധതികളും മറ്റു പ്രധാന പദ്ധതികളായി കൃഷി വകുപ്പിനേയും അനുബന്ധ സ്ഥാപനങ്ങളായ കാർഷിക സർവ്വകലാശാല, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടികോർപ്പ്, സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവയേയും ഉൾപ്പെടുത്തിക്കൊണ്ട് നടീൽ വസ്തുക്കളുടെ ഉല്പാദനം, വിള പരിപാലനം മുതൽ ഉല്പന്ന സംഭരണം-വിപണനം എന്നീ പ്രവർത്തനങ്ങൾക്കുതകുന്ന 25 പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**പതാകനൗക (ഫ്ളാഗ് ഷിപ്പ്) പദ്ധതികൾ**

1. പച്ചക്കറി സ്വയം പര്യാപ്തത

പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പരിപാടികൾ നടപ്പിലാക്കി. 69400 ഹെക്ടർ കൃഷിസ്ഥലം അധികമായ പച്ചക്കറി കൃഷിയിൻകീഴിൽ കൊണ്ടുവന്ന് 2015-16-ൽ 8.69 ലക്ഷം ടൺ അധിക ഉൽപ്പാദനം കൈവരിക്കുകയെന്നതാണ് ഉദ്ദേശിക്കുന്നത്.

2. കേര സമൃദ്ധി

കേരകർഷകർ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് മരുന്ന് തളി, തേങ്ങയിടൽ എന്നിവയ്ക്ക് തൊഴിലാളികളുടെ ക്ഷാമം. കുറിയ ഇനത്തിൽപെട്ടതും സങ്കരയിനത്തിൽ പെട്ടതുമായ തെങ്ങുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതാണ് ഇതിനുള്ള പരിഹാരം. കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ (01.11.2013) ഇത്തരം തെങ്ങിൻ തൈകൾ സംസ്ഥാനത്താകെ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**(സി)** പ്രസ്തുത ലക്ഷ്യം മുൻനിറുത്തി ഇതിലേക്ക് എത്ര തുക നീക്കിവെയ്ക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

**(സി)** നടപ്പ് സാമ്പത്തിക വർഷത്തിലെ (2014-15) ബഡ്ജറ്റിൽ നീക്കി വെച്ചിരിക്കുന്ന 6400.00 ലക്ഷം രൂപാ പച്ചക്കറി കൃഷി വികസന പദ്ധതിക്കും, 500.00 ലക്ഷം രൂപാ കേരസമൃദ്ധി പദ്ധതിക്കുമായി വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.